


# മുഹമ്മദ് നബി ഭൂമിയിൽ സമാധാനം

രാംപുനിയാനി

**ഭൂമിയിൽ** സമാധാനത്തിനു വേണ്ടി പ്രബോധനം ചെയ്ത ഒരു വിമോചകനെ ആക്രമണോത്സുകമായ ഒരു മതത്തിന് അടിസ്ഥാനമിട്ട ഒരാളായി എടുത്തുകാട്ടുക എന്ന വൈപരീത്യം സംഭവിച്ചിട്ടുള്ള കാലമാണിത്. ഇപ്പോൾ അരങ്ങേറ്റം നടത്തുന്നത് എണ്ണക്കിണറുകളുടെ നിയന്ത്രണം സ്വന്തമാക്കാൻ വേണ്ടിയുള്ള ആഗോള രാഷ്ട്രീയത്തിലെ ഒരു ദുരന്ത നാടകം. അതിനു സ്വന്തമായൊരു ഭാഷാ പ്രയോഗമുണ്ട്. അത് ഉന്നം വെക്കുന്നതും ചെകുത്താനായി അവതരിപ്പിക്കുന്നതും ഇസ്ലാമിനെ. ഇതേ സമയം ഇന്ത്യയിലെ 'സാമൂഹിക പൊതുബോധം' എന്താണ് ചെയ്തത്? ഇസ്ലാം ചെകുത്താന്റെ വേദമാണെന്നും മുസ്ലിംകൾ ചെകുത്താന്മാരാണെന്നും വർഗീയ രാഷ്ട്രീയത്തിലൂടെ പ്രചരിപ്പിച്ചു. അങ്ങനെ, ഇസ്ലാമിന്റേതെന്നും മുസ്ലിംകളുടേതെന്നും പറഞ്ഞുകൊണ്ട് വൈവിധ്യമാർന്ന വ്യാജ വേഷങ്ങൾ അവതരിപ്പിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു.



സുഊദി അറേബ്യയിലെ മക്കയിൽ ക്രിസ്തുവർഷം 570-ലാണ് മുഹമ്മദ് ഭൂജാതനാകുന്നത്. നാൽപതാം വയസ്സിൽ അദ്ദേഹം പ്രബോധനം ചെയ്തു തുടങ്ങിയ പ്രമാണങ്ങളിൽ ഇസ്ലാം എന്നു വിളിക്കപ്പെടുന്ന മതം വേരുറച്ചു. അദ്ദേഹത്തിന്റെ പ്രഘോഷങ്ങളുടെ പശ്ചാത്തലവും അധ്യാപനങ്ങളും ഗോത്ര സമൂഹത്തിന്റേതായിരുന്നു. അതിലാകട്ടെ, പ്രാചീന ചട്ടമനുസരിച്ചുള്ള മൂല്യങ്ങൾക്കായിരുന്നു പ്രബലത.

കണ്ണിനു കണ്ണ് എന്ന നിലപാടെടുത്തും കുടിപ്പകയോടെയും സ്ത്രീകളുടെ അവകാശങ്ങൾ ചവിട്ടിമെതിച്ചും കൊണ്ടുള്ളതായിരുന്നു അവരുടെ ജീവിതം. പ്രവാചകന്റെ അധ്യാപനങ്ങൾ എല്ലാറ്റിനും മാറ്റം വരുത്തി. അതോടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സ്വഭാവരീതി വ്യത്യസ്തമായി. ഉന്നതമായ മാനുഷിക മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതെങ്ങനെയെന്ന് ഉദ്ഘോഷിക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ, സ്വഭാവത്തിൽ അതെല്ലാം പ്രതിഫലിച്ചു. അങ്ങനെ അദ്ദേഹത്തിന് സമൂഹത്തെ ആ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ പ്രയോഗത്തിലൂടെ ഒന്നിപ്പിക്കാൻ കഴിഞ്ഞു.

അദ്ദേഹം പ്രബോധനം ചെയ്ത കാതലായ കൽപനകളിൽ അദ്ൽ (നീതി), ഇഹ്സാൻ (ഗുണകാംക്ഷ), റഹ്മത്ത് (കാരുണ്യം) എന്നിവ പ്രാധാന്യമർഹിക്കുന്നു. കലഹം മൂലം ഛിന്നഭിന്നമാകുന്ന സമൂഹത്തിൽ സമാധാനം കൊണ്ടുവരലായിരുന്നു അതുകൊണ്ടുദ്ദേശിച്ചത്. ലൗകികമായ പ്രശ്നങ്ങളെച്ചൊല്ലി നിരന്തരം കലഹിച്ചുകൊണ്ടിരുന്ന ഗോത്രങ്ങൾ അനേകം ദൈവങ്ങളെ വെച്ചുപുലർത്തിയിരുന്നു. ഈ പശ്ചാത്തലത്തിൽ പ്രവാചകൻ അവരോട് ഒരേയൊരു ദൈവമേയുള്ളൂ എന്ന് ഊന്നിപ്പറഞ്ഞു; സാഹോദര്യം സമൂഹത്തിന്റെ മുഖമുദ്രയാക്കേണ്ടതുണ്ടെന്ന് ആവശ്യപ്പെട്ടു. അല്ലാഹുവിനു മുന്നിൽ സർവസ്വം സമർപ്പിക്കുന്നതിലൂടെ സമാധാനം കൈവരുത്തേണ്ടതെങ്ങനെയെന്ന് പഠിപ്പിച്ചു. എല്ലാവർക്കും നീതി, എല്ലാവർക്കും ശാന്തി; അതിനു വേണ്ടിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ എല്ലാ കൽപനകളും. അതാകട്ടെ, സ്ത്രീകളെ മാറ്റിനിർത്തിക്കൊണ്ടുള്ളതായിരുന്നില്ല. അങ്ങനെയാണ്, അതുകൊണ്ടാണ് അദ്ദേഹം ദൈവദൂതനാവുന്നത്–അദ്ദേഹം ചെയ്തതെല്ലാം ഒരു ദൈവദൂതനേ ചെയ്യാൻ കഴിയൂ എന്നതുകൊണ്ട്.

അനീതിക്കും അതിക്രമങ്ങൾക്കും എതിരെ പോരാടാൻ അദ്ദേഹം ആഹ്വാനം ചെയ്തു. സമൂഹത്തിൽ കലഹം കുത്തിപ്പൊക്കുന്നത് അജ്ഞതയാണെന്ന് മനസ്സിലാക്കിയ അദ്ദേഹം എല്ലാവരും അറിവ് നേടണമെന്ന് ആവശ്യപ്പെട്ടു. അതിനു വേണ്ടിയാണ്, അറിവ് നേടിക്കൊണ്ടുള്ള സാമൂഹിക ഉന്നമനത്തിനു വേണ്ടിയാണ് പോരാടേണ്ടത്. അവനവന്റെ തന്നെ തെറ്റുകുറ്റങ്ങൾക്കെതിരായുള്ള പോരാട്ടമാണത്; സമൂഹത്തിലെ തിന്മകൾക്കെതിരായുള്ള പോരാട്ടവും. അങ്ങനെയാണ് 'കാഫിർ' എന്ന വാക്ക് ഉണ്ടാവുന്നത്. 'കുഫ്ർ' എന്ന ധാതുവിൽനിന്ന് നിഷ്പന്നമായ വാക്ക്. സത്യം മറച്ചുവെക്കൽ എന്നാണ് അതിനർഥം. ഇസ്‌ലാം സ്വീകരിക്കുന്നവരെ എതിർത്തവർ സത്യം മറച്ചുവെക്കുന്നവരായതുകൊണ്ടാണ് കാഫിർ എന്നു വിളിക്കപ്പെട്ടത്.

പ്രവാചകൻ പ്രബോധനം ചെയ്ത പ്രമാണങ്ങൾ സ്വാംശീകരിച്ചതിന്റെ ഫലമായി ആ ഭൂപ്രദേശം സമാധാനപൂർണമായി. അതേ പ്രമാണങ്ങളനുസരിച്ചുള്ള രാഷ്ട്രീയ വ്യവസ്ഥിതിയിൽ കരുത്താർജിച്ച് കുറെകാലം അവിടം നിലകൊള്ളുകയും ചെയ്തു. കാലാന്തരത്തിൽ പ്രവാചകന്റെ അധ്യാപനങ്ങൾക്ക് വ്യത്യസ്ത വ്യാഖ്യാനങ്ങളുണ്ടായി. ഇസ്‌ലാമിൽ പല വിഭാഗങ്ങളുണ്ടായി. ഓരോ വിഭാഗവും അവർ മാത്രമാണ് ശരിയാംവിധം പ്രവാചകനെ പിന്തുടരുന്നതെന്ന് അവകാശപ്പെട്ടു. അങ്ങനെ അനേകം ഭാഷ്യങ്ങളുണ്ട് ഇന്ന് ഇസ്‌ലാമിന്. അവയിൽ ചിലത് അങ്ങേയറ്റം യാഥാസ്ഥിതികം, കുടുംപിടുത്തമുള്ളത്. ചിലത് അയവ് കാട്ടുകയും കാലത്തിനൊപ്പിച്ച് നീങ്ങുകയും ചെയ്യുന്നു. പൂർവാചാരനിരതരായ വിഭാഗങ്ങളാണ് ഇസ്‌ലാമിന് യാഥാസ്ഥിതികവും കർക്കശവുമായ ഭാഷ്യം ചമക്കുന്നത്; വിശേഷിച്ചും ഭരണാധികാരികളുമായി അടുപ്പമുള്ള വിഭാഗങ്ങൾ. എന്നിട്ടവർ അരക്ഷിതബോധം കൂടുതലുള്ള സമൂ

ദായങ്ങൾക്കു മേൽ അവരുടെ അധികാരം അടിച്ചേൽപിക്കുന്നു. അങ്ങനെ ഇന്ന് ഇസ്‌ലാമിന്റെ യാഥാസ്ഥിതിക ഭാഷ്യങ്ങൾ, മാറ്റങ്ങൾ ഇഷ്ടപ്പെടാത്ത ഇസ്‌ലാം ആഗോള ഇസ്‌ലാമിന്റെ സ്ഥാനത്ത് അവരോധിക്കപ്പെട്ടിരിക്കുന്നു. പലവിധ രാഷ്ട്രീയ താൽപര്യങ്ങളാൽ മുസ്‌ലിംകൾ ചെകുത്താന്മാരായി അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു.

മനുഷ്യ ചരിത്രത്തിൽ മഹത്തായ ഒരതിരടയാളമിടുന്നുണ്ട് മുഹമ്മദ് നബിയുടെ അധ്യാപനങ്ങൾ. സ്ത്രീകളെ സംബന്ധിച്ചുള്ള പല പ്രശ്നങ്ങളിലും ഉത്കണ്ഠകളിലും ഊന്നൽ നിൽകിക്കൊണ്ടുള്ള വ്യത്യസ്തമായ മൂല്യബോധങ്ങൾ, ആലംബഹീനരെയും പാവങ്ങളെയും കൈപിടിച്ചുയർത്താൻ ഇസ്‌ലാമിനുള്ള താൽപര്യം ഒരു മതമെന്ന നിലയിൽ അതിനെ ഉന്നതമാക്കുന്നു.

ഇക്കാലത്ത് രാഷ്ട്രീയ നേതൃത്വങ്ങളുടെ സ്വാർഥ താൽപര്യങ്ങൾക്കനുസരിച്ച് കടന്നാക്രമണങ്ങളിലൂടെ ഇസ്‌ലാമിനെക്കുറിച്ച് പലവിധ വികലധാരണകളും കരുതിക്കൂട്ടിത്തന്നെ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ഇസ്‌ലാം വാളു കൊണ്ട് പ്രചരിപ്പിക്കപ്പെട്ട മതമാണെന്ന അബദ്ധ ധാരണ ഉദാഹരണം. ജാതിവ്യവസ്ഥയുടെ ദുർഭരണത്തിൽനിന്ന് രക്ഷ നേടാനാണ്, ഇന്ത്യയുടെ കാര്യമെടുത്താൽ, ഒരുപാടാളുകൾ ഇസ്‌ലാം സ്വീകരിച്ചത്. വിശ്വാസകാര്യങ്ങളിൽ ആരുടെ മേലും നിർബന്ധം ചെലുത്തരുതെന്ന് വ്യക്തമായനുശാസിക്കുന്നുണ്ട് ഇസ്‌ലാം. 'നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം'-ഇതാണ് ഇസ്‌ലാമിന്റെ  നിലപാട്. പിന്നെ വേറൊരു വികലധാരണ ഇസ്‌ലാമിനെക്കുറിച്ചുള്ളത്, സ്ത്രീകളോടുള്ള പെരുമാറ്റത്തിലാണ്. മുസ്‌ലിംകൾ സ്ത്രീകളെ അടിമപ്പെടുത്തുകയും അടിച്ചമർത്തുകയും ചെയ്യുന്നു എന്ന്. വർഗീയ ലഹളകളുണ്ടാക്കി ന്യൂനപക്ഷങ്ങളുടെ മേൽ ആക്രമണം അഴിച്ചുവിടുന്നവർക്കിടയിൽ ഈ വികല ധാരണക്ക് പ്രചുര പ്രചാരം സിദ്ധിച്ചിട്ടുണ്ട്. അങ്ങനെയവർ മുസ്‌ലിം സ്ത്രീകൾക്കു നേരെ ഗർഹനീയമാംവിധം പല തരത്തിലുള്ള നൃശംസതകൾ അഴിച്ചുവിടുന്നുമുണ്ട്. അതിനു താലിബാന്റേതുപോലുള്ള, സ്ത്രീകൾ ഒരിക്കലും വീടുവിട്ടിറങ്ങിക്കൂടെന്ന നിലപാടുകളും നടപടികളും ബലമേകുന്നു. മുഹമ്മദ് നബിയാകട്ടെ, സ്ത്രീകളോട് ഏറ്റവും സൗമ്യമായും സ്നേഹത്തോടെയും പെരുമാറണമെന്ന് പഠിപ്പിച്ച ആദ്യത്തെ പ്രബോധകനായിരുന്നു എന്നതാണ് യാഥാർഥ്യം. അക്കാലത്ത് നിലവിലുണ്ടായിരുന്ന സ്ഥാനമാനങ്ങളിൽ മെച്ചപ്പെട്ടതുതന്നെ സ്ത്രീകൾക്കു നൽകണമെന്നദ്ദേഹം  നിഷ്കർഷിച്ചിരുന്നു.

ബഹുഭാര്യാത്വമാണ് (മുസ്‌ലിം പുരുഷന് നാല് ഭാര്യമാരാവാം എന്നാണ്) ഏറെ തെറ്റിദ്ധാരണ വളർത്തുന്ന വേറൊരു കാര്യം. ഗോത്രങ്ങൾ തമ്മിൽ നടത്തിയിരുന്ന യുദ്ധങ്ങൾ കാരണം വിധവകളും അനാഥ സന്താനങ്ങളും പെരുകിയ ഒരു കാലത്താണ് ബഹുഭാര്യാത്വം പ്രോത്സാഹിപ്പിക്കപ്പെട്ടത്. അതുമാത്രമല്ല, ഫ്യൂഡൽ സമൂഹത്തിൽ ഒരു പുരുഷന് യഥേഷ്ടം എത്ര സ്ത്രീകളെ വേണമെങ്കിലും ഭാര്യമാരാക്കാമായിരുന്നു. അതുകൊണ്ട് സ്ത്രീകളുടെ അഭിമാനം സംരക്ഷിക്കാനും മാന്യമായ ഒരു കുടുംബജീവിതം ഉറപ്പുവരുത്താനും വേണ്ടി ഭാര്യമാരുടെ എണ്ണം നാലിൽ കൂടരുതെന്ന് നിഷ്കർഷിക്കുകയായിരുന്നു. അതോടൊപ്പം ഓരോ ഭാര്യയോടും സമഭാവനയോടെ വേണം പെരുമാറാൻ എന്ന് അനുശാസിക്കപ്പെട്ടിരുന്നു. ഈ ഇടപാടാകട്ടെ എക്കാലവും തുടരണമെന്ന് ഉദ്ദേശിച്ചിരുന്നുമില്ല. മുസ്‌ലിം സ്ത്രീകൾക്ക് നിർഭയം ജീവിക്കാൻ അവസരമൊരുക്കിയിട്ടുള്ള മുസ്‌ലിം നാടുകളിൽ ബഹുഭാര്യാത്വത്തിനെതിരെ കഠിനവിമർശനം ഉയരുന്നുമുണ്ട്.

പ്രവാചകന്റെ അധ്യാപനങ്ങൾ ഏറ്റവും വെറുക്കപ്പെട്ടവിധം വികൃതമാക്കപ്പെടുന്നത് അമേരിക്ക ആക്രമിക്കപ്പെട്ടസെപ്റ്റംബർ പതിനൊന്നിനു ശേഷമാണ്. അതോടെ ഇസ്ലാമിക ഭീകരാക്രമണം എന്ന പദാവലി എല്ലാവരും ഏറ്റുപാടിത്തുടങ്ങി. അനേകം നിരപരാധർ കൊല്ലപ്പെടുന്ന പ്രവൃത്തിയാണല്ലോ ഭീകരാക്രമണം. ഖുർആനാകട്ടെ, അപരാധം ചെയ്യാത്ത ഒരാളെ കൊല്ലുന്നത് മാനുഷ്യകത്തെ മുഴുവൻ കൊല്ലുന്നതിനു സമമാണെന്നാണ് പഠിപ്പിക്കുന്നത്.

മദ്റസകളിലൂടെ വളരാൻ അൽഖാഇദക്ക് എല്ലാ പിൻബലവും നൽകിക്കൊണ്ട് ഒരു കളി കളിച്ചത് അമേരിക്കയും അവർ നിയോഗിച്ച സി.ഐ.എയുമായിരുന്നു. അങ്ങനെയവർ ആ കളിയിലൂടെ കാഫിർ, ജിഹാദ് എന്നീ പ്രദപ്രയോഗങ്ങൾക്കും വൈകൃതം വരുത്തി. ഖുർആനിലും പ്രവാചകന്റെ അധ്യാപനത്തിലും സത്യം മറച്ചുവെക്കുന്നവരായിരുന്നല്ലോ കാഫിർ. സി.ഐ.എ പ്രചോദനം നൽകി വളർത്തിയ മദ്റസകൾ ആ പദത്തെ അല്ലാഹുവിൽ വിശ്വസിക്കാത്തവർ എന്ന അർഥത്തിൽ പ്രചരിപ്പിച്ചു. അതേപോലെതന്നെ, തിന്മകൾക്കെതിരെ പോരാടുക എന്ന അർഥത്തിൽ ഉപയോഗിക്കപ്പെട്ട ജിഹാദ് എന്ന പദവും ദുർവ്യാഖ്യാനം ചെയ്യപ്പെട്ടു. ജിഹാദ് എന്നാൽ യുദ്ധമായി, ആളുകളെ കൊന്നൊടുക്കലായി. യുദ്ധമല്ല പോരാട്ടം മാത്രമാണ് യഥാർഥത്തിൽ ജിഹാദ്; അകത്തും പുറത്തുമുള്ള തിന്മകൾക്കെതിരെയുള്ള ഒറ്റയാൻ പോരാട്ടം, ഒരു സമൂഹത്തിന്റെ പോരാട്ടം. അതാണ് ഇന്ന് അമുസ്ലിംകളെ കൊല്ലൽ എന്ന അർഥത്തിൽ പ്രചരിപ്പിക്കപ്പെടുന്നത്. ഇതാകുന്നു സത്യത്തെ വ്യാജവേഷം കെട്ടിക്കുന്നതിന്റെ, വികൃതമാക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണം.

സമാധാനത്തിനു വേണ്ടി നിലകൊള്ളുന്ന ഇസ്ലാം, ആക്രമണം അഴിച്ചുവിടുന്ന പൈശാചികതയാണെന്ന് വരുത്തിത്തീർക്കലുണ്ടല്ലോ, ചരിത്രത്തിലെ വലുതായ ഒരു വിരോധാഭാസമാണ്. ഔന്നത്യമാർന്ന ഒരു മാനവികതക്കു വേണ്ടി നിലകൊണ്ട മഹാനുഭാവനാണ് മുഹമ്മദ്. അദ്ദേഹത്തെപ്പോലുള്ള പ്രവാചകന്മാരുടെയും ഭഗവാൻ മഹാവീരന്റെയും ഗൗതമ ബുദ്ധന്റെയും യേശുക്രിസ്തുവിന്റെയും ഗുരുനാനാക്കിന്റെയും അവരെപ്പോലുള്ള മറ്റു മഹാത്മാക്കളുടെയും അധ്യാപനങ്ങളാണ് മാനവിക മൂല്യങ്ങളുടെ ശ്രേയസ്സുയർത്തിയത്. ഇന്ന് ആഗോള സാഹചര്യം ഐശ്വര്യപൂർണമാവണമെങ്കിൽ മുഹമ്മദ് നബിയെക്കുറിച്ച് ശരിയായ അറിവ് ലഭിക്കേണ്ടത് അനിവാര്യം. ■

**വിവ: ഹഫ്സ**